**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 370** **19-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ വി ജോയി,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളെ ചൂഷണ വിമുക്തമാക്കുന്നതിന് സർക്കാരിന്റെ പിന്തുണയോടെ മത്സ്യഫെഡ് ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്; | (എ) | മത്സ്യത്തൊഴിലാളികളെ ചൂഷണ വിമുക്തമാക്കുന്നതിന് മത്സ്യഫെഡ് സർക്കാരിന്റെ പിന്തുണയോടെ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | മത്സ്യബന്ധനോപകരണങ്ങൾ ആർജ്ജിക്കുന്നതിനും മൂല്യവർദ്ധിതോല്പന്നങ്ങൾ വ്യാപകമാക്കുന്നതിനും മത്സ്യ മാർക്കറ്റുകളുടെ ആധുനികീകരണത്തിനും മത്സ്യഫെഡ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ; | (ബി) | മത്സ്യബന്ധനോപകരണങ്ങൾ ആർജ്ജിക്കുന്നതിനും, മൂല്യവർദ്ധിതോല്പന്നങ്ങൾ വ്യാപകമാക്കുന്നതിനും, മത്സ്യ മാർക്കറ്റുകളുടെ ആധുനികീകരണത്തിനും മത്സ്യഫെഡ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | മികച്ച ഗുണനിലവാരത്തിലുള്ള മത്സ്യവും മൂല്യവർദ്ധിതോല്പന്നങ്ങളും നൽകി ഉപഭോക്താക്കൾക്കും മത്സ്യത്തൊഴിലാളികൾക്കും നേട്ടമുണ്ടാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ആധുനിക മത്സ്യസ്റ്റാളുകൾ സ്ഥാപിക്കാനുള്ള മത്സ്യഫെഡിന്റെ പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും മത്സ്യഫെഡ് ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ 52 നിയോജക മണ്ഡലങ്ങളിൽ മത്സ്യഫെഡ് നേരിട്ട് നടത്തുന്ന 53 ബൂത്തുകളും സർവ്വീസ് സഹകരണ ബാങ്കുമായി സഹകരിച്ച് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന 60 ഫിഷ് മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. ബാക്കി 88 നിയോജക മണ്ഡലങ്ങളിൽ ബൂത്തുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ ഫിഷ് മാർട്ട് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമാണ്. കണ്ണൂർ ജില്ലയിൽ ആന്തൂർ, മട്ടന്നൂർ, ചിറയ്ക്കൽ, വേങ്ങാട് എന്നീ സ്ഥലങ്ങളിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുവാനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഫിഷ് മാർട്ടുകൾ അനുവദിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. അന്നന്നുള്ള മത്സ്യം അന്നന്നുതന്നെ ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി അന്തിപച്ച |

| | | | |
|---|---|---|---|
| | | | എന്ന സഞ്ചരിക്കുന്ന 10 മത്സ്യ വിപണന ശാലകൾ തിരുവനന്തപുരം,കൊല്ലം, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 8 മണി വരെ പ്രവർത്തിപ്പിക്കുന്നു. കൂടുതൽ അന്തിപച്ച യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടുതൽ മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മത്സ്യസംഭരണം ഉർജ്ജിതപ്പെടുത്തുന്ന തിനായി നിലവിലുള്ള 8 മത്സ്യ സംഭരണ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും, എല്ലാ ജില്ലകളിലും മത്സ്യ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

**(1) മത്സ്യബന്ധനോപകരണങ്ങൾ ആർജ്ജിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

ദേശീയ സഹകരണ വികസന കേർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോട്ടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) വഴി മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി പലിശ രഹിത വായ്പ നൽകി വരുന്നു. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ(എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള ടേം വായ്പ പദ്ധതികൾ വഴി മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശരഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു.

**(2) മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ**

എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാൻറിൽ (എം.ഐ.എഫ്.പി) നിന്നും വിവിധതരം മത്സ്യ അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്ലറ്റ്, പീര എന്നീ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. സ്വയം സഹായ ഗ്രൂപ്പുകളിലെ വനിതകൾ നിർമ്മിക്കുന്ന റെഡി റ്റു ഈറ്റ് & റെഡി റ്റു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ടീറ്റ്സ് എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ട് തരം ഫിഷ്കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ്മാർട്ടുകൾ, ഫ്രാഞ്ചൈസി മാർട്ടുകൾ, അന്തിപച്ച യൂണിറ്റുകൾ വഴി വിപണനം ചെയ്തു വരുന്നു. ടി സംസ്കരണശാലയിൽ നിന്നും ശീതീകരിച്ച മത്സ്യത്തിന്റെയും മൂല്യ വർദ്ധിത ഉല്പന്നങ്ങളുടെ വിപണനം എം.പി.ഐ/കെപ്കോ ഡീലർമാർ വഴിയും നടത്തുന്നുണ്ട്. എം.ഐ.എഫ്.പി വഴി കൂടുതൽ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി പ്ലാൻറ് ആധുനീകരിക്കുവാനുള്ള പദ്ധതിയും സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൈറ്റോസൺ പ്ലാൻറിൽ നിന്നും ചെമ്മീൻതോടിൽ നിന്നും കൈറ്റോൺ ഗുളികകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് ആലപ്പുഴ മുളക്കുഴയിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സി.ഐ.എഫ്.റ്റി) ന്റെയും, കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിന്റെയും (സി.റ്റി.സി.ആർ.ഐ) സാങ്കേതിക സഹായത്തോടെ തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പ്രധാൻമന്ത്രി മത്സ്യസമ്പദാ യോജന (പി.എം.എം.എസ്.വൈ) പദ്ധതിയിൽ 10 യൂണിറ്റുകൾ കൂടി ആരംഭിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.

**(3) മാർക്കറ്റ് നവീകരണം**

മത്സ്യഫെഡ് വഴി ആലപ്പുഴ ജില്ലയിലെ അരൂർ, കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ എന്നീ മത്സ്യമാർക്കറ്റുകൾ സർക്കാർ ധനസഹായത്തോടു കൂടി നവീകരിച്ച് പ്രവർത്തനം നടത്തി വരുന്നു.

## അനുബന്ധം–1

**1. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)**

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018–19 വർഷം മുതൽ നടപ്പാക്കി വരുന്നത്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ടു വരുന്ന മത്സ്യത്തിന് ന്യായ വില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശ ലേലം നടപ്പിലാക്കി വരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ട് വരുന്നതിനുമായി ഐ.എഫ്.ഡി.പി പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകി വരുന്നു.

**2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) /ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ**

**a. ടേം വായ്പകൾ**

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകി വരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശരഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം കാലാവധിയിൽ വിതരണം ചെയ്തു വരുന്നു.

**b. മൈക്രോഫ:ിനാൻസ് വായ്പ**

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി–യുടെയും എൻ.എം.ഡി.എഫ്.സി–യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു.

ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു.

**c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി**

ഈ പദ്ധതി വഴി മത്സ്യവിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യ വായ്പ 10000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ്, എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**3. വലകൾക്കുള്ള സബ്സിഡി പദ്ധതി**

10 എച്ച്.പി-യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിയ്ക്ക് വലയുടെ വിലയുടെ 25% പരമാവധി 10,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

**4. നാടൻ വള്ളങ്ങളുടെ നവീകരണം**

നാടൻ വള്ളങ്ങൾ യന്ത്രവത്കരിക്കുന്നതിന് 10 എച്ച്.പിയിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം എഞ്ചിന്റെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

**5. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി**

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം, എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് വേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

**6. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)**

മത്സ്യത്തൊഴിലാളികൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വഴി വായ്പ ലഭിക്കുന്നതിന് 448 ബാങ്കുകളിലായി 10971 അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 790 പേർക്ക് 9.32 കോടി രൂപ കെ.സി.സി വായ്പയായി വിവിധ ബാങ്കുകൾ വിതരണം ചെയ്തു കഴിഞ്ഞു.

**7. ബ്ലൂ റവല്യൂഷൻ/ പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി (PMMSY)**

ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ 200 മറൈൻ പ്ലൈവുഡ് വള്ളങ്ങൾക്ക് പകരം ഫൈബർ ഗ്ലാസ് വള്ളങ്ങൾ നൽകുന്നതിന് 4 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി നടപ്പിലാക്കി . പ്രധാമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ 100 ഗ്രൂപ്പുകൾക്ക് വള്ളം, വല, എഞ്ചിൻ എന്നിവയ്ക്കായി 5 ലക്ഷം രൂപ വീതം നൽകുന്നതിനുള്ള 5 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി 60 % വായ്പയോടും 40% സബ്സിഡിയോട്ും കൂടി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജില്ലകളിൽ നടന്നു വരുന്നു.

**8. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി**

മണ്ണെണ്ണ ലഭ്യത കുറവ് പരിഹരിക്കുന്നതിനായി 2015-16 കാലഘട്ടത്തിൽ 9 തീരദേശ ജില്ലകളിൽ 13 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് നോൺ പി.ഡി.എസ് മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി വിതരണം ആരംഭിച്ചു. ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25/- രൂപ സബ്സിഡി നിരക്കിൽ എഞ്ചിന്റെ കുതിരശക്തിയ്ക്കനുസരിച്ച് നിശ്ചിത അളവിൽ പെർമിറ്റ് ഉടമകൾക്ക് മണ്ണെണ്ണ വിതരണം ചെയ്തു വരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ലിറ്ററിന് 25 രൂപ സബ്സിഡിയായി (ഡി.ബി.റ്റി) സർക്കാർ നൽകി വരുന്നു. ഇത് കൂടാതെ നോൺ സബ്സിഡൈസ്ഡ് മണ്ണെണ്ണ എഞ്ചിന്റെ കുതിരശക്തിയ്ക്കനുസരിച്ച് ഓരോ മാസവും നിശ്ചിത അളവിൽ വിതരണം ചെയ്തു വരുന്നു. 2015 മുതൽ 2022 വരെ 226 കോടി രൂപ സബ്സിഡിയായി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

**9. മത്സ്യവിപണനം**

മത്സ്യഫെഡ് കൂടുതൽ സംഘങ്ങളെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതിനും വിപണനത്തിൽ ഇടപെടുന്നതിനും നടപടി സ്വീകരിച്ചു വരികയാണ്. തീരദേശ ലേലം വഴി മത്സ്യസഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് നേരിട്ട് വാങ്ങുന്നതിനും അവ മാർട്ടുകൾ വഴി വിപണനം ചെയ്യുന്നതിനുമുള്ള സാധ്യതകൾ കണക്കിലെടുത്ത് ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംഘങ്ങൾക്ക് മത്സ്യം സംഭരിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുവഴി ഗുണനിലവാരമുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. ഇതിനായി സർക്കാർ ധനസഹായത്തോടെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി ആധുനിക രീതിയിലുള്ള എയർകണ്ടീഷൻ സംവിധാനത്തോടുകൂടി 53 ഫിഷ്മാർട്ടുകളും, സഹകരണ സംഘം/ബാങ്കുമായി സഹകരിച്ച 60 ഫ്രാഞ്ചൈസി മാർട്ടുകളും 10 അന്തിപച്ച മൊബൈൽ മാർട്ടുകളും പ്രവർത്തിക്കുന്നു. 5 അന്തിപച്ച യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ്ബൂത്ത് ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഫിഷ്മാർട്ടുകൾ ഇല്ലാത്ത 88 നിയോജക മണ്ഡലങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ

ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ ഫിഷ്മാർട്ട് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമാണ്. കണ്ണൂർ ജില്ലയിൽ ആന്തൂർ, മട്ടന്നൂർ, ചിറയ്ക്കൽ, വേങ്ങാട് എന്നീ സ്ഥലങ്ങളിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുവാനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ മത്സ്യവിപണനത്തിൽ ഉപയോഗിക്കുന്നത് മത്സ്യത്തിന്റെ വ്യാപാരം സുതാര്യമായി നടപ്പിലാക്കുന്നതിന് മത്സ്യഫെഡ്, കേരള സ്റ്റാർട്ട്അപ്പ് മിഷന്റെ സഹായത്തോടെ ഒരു വെബ് പോർട്ടലും മൊബൈൽ ആപ്പും പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതു വഴി മത്സ്യത്തിന്റെ വിലവിവര സ്ഥിതി അറിയുവാൻ സാധ്യമാകുന്നതാണ്.